(80)

# കേരള സർക്കാർ

## സംഗ്രഹം

ഭവന നിർമ്മാണ വകുപ്പ്-ദുർബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടനകൾ (എൻ.ജി.ഒ)/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹായത്തോടും സർക്കാർ സബ്സിഡിയോടും കൂടി ഭവനം നിർമ്മിച്ച് നൽകുന്ന "ഗൃഹശ്രീ പദ്ധതി"യ്ക്ക് ഭരണാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവന നിർമ്മാണ (സി) വകുപ്പ്

സ.ഉ.(എം.എസ്)നം.21/2013/ഭവനം തീയതി, തിരുവനന്തപുരം : 26.08.2013.

---

പരാമർശം: 1. 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗം.
2. ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി പി4/113/2012/എച്ച്.ബി. പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ.

## ഉത്തരവ്

1. സ്വന്തമായി രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS)/താഴ്ന്ന വരുമാന വിഭാഗ (LIG) ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ എന്നിവരുടെ സഹകരണത്തോടെ സർക്കാർ സബ്സിഡിയോടുകൂടി വീട് നിർമ്മിച്ച് നൽകുന്ന ഗൃഹശ്രീ ഭവന പദ്ധതിയ്ക്ക് അംഗീകാരം നൽകുമെന്ന് 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ സർക്കാർ പ്രസ്താവിച്ചിരുന്നു.

2. പരാമർശം രണ്ട് പ്രകാരം ഗൃഹശ്രീ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി സമർപ്പിക്കുകയുണ്ടായി. സർക്കാർ ഈ പദ്ധതി വിശദമായി പരിശോധിക്കുകയും പദ്ധതി അംഗീകരിക്കുകയും ചെയ്തു. 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ 2216-80-103-99 എന്ന ശീർഷകത്തിൽ ഗൃഹശ്രീ പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ഉപഭോക്താവിനും 2 ലക്ഷം രൂപ സബ്സിഡി എന്ന നിരക്കിൽ 1050 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുള്ളതിൻ പ്രകാരം ഗൃഹശ്രീ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നിബന്ധനകൾ ചുവടെ ചേർക്കുന്നു.

(എ) ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള (ബി.പി.എൽ) കുടുംബങ്ങൾക്കായുള്ള പദ്ധതി

അർഹതാ മാനദണ്ഡം:- കുറഞ്ഞത് രണ്ടു സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ സ്വന്തം പേരിൽഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള (ബി.പി.എൽ) ആണ് ഗുണഭോക്താക്കൾ.

സാമ്പത്തിക ഘടന:- കുറഞ്ഞത് 30 ച.മീ. മുതൽ 40 ച.മീ വരെ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 4,00,000/- രൂപ നിർമ്മാണ ചെലവ് കണക്കാക്കിയിട്ടുണ്ട്.

സർക്കാർ സബ്സിഡി - 2,00,000/- രൂപ

എൻ.ജി.ഒ./സന്നദ്ധ സംഘടനാ വിഹിതം/
കാരുണ്യവാന്മാരായ വ്യക്തികൾ
ഗുണഭോക്തൃ വിഹിതം - 1,00,000/- രൂപ
- 1,00,000/- രൂപ

(ബി) ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യ രേഖയ്ക്ക് താഴെയല്ലാത്ത (എ.പി.എൽ) കുടുംബങ്ങൾക്കായുള്ള പദ്ധതി

അർഹതാ മാനദണ്ഡം:- കുറഞ്ഞത് രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ സ്വന്തം പേരിൽഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യ രേഖയ്ക്ക് താഴെയല്ലാത്ത (എ.പി.എൽ) വരാണ് ഗുണഭോക്താക്കൾ. ടി വിഭാഗക്കാരുടെ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

സാമ്പത്തിക ഘടന:- കുറഞ്ഞത് 41 ച.മീ. മുതൽ 50 ച.മീ വരെ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 5,00,000/- രൂപ നിർമ്മാണ ചെലവ് കണക്കാക്കിയിട്ടുണ്ട്.

സർക്കാർ സബ്സിഡി
എൻ.ജി.ഒ./സന്നദ്ധ സംഘടനാ വിഹിതം/ - 2,00,000/- രൂപ
കാരുണ്യവാന്മാരായ വ്യക്തികൾ
ഗുണഭോക്തൃ വിഹിതം - 1,00,000/- രൂപ
- 2,00,000/- രൂപ

(സി) താഴ്ന്ന വരുമാനക്കാർക്കുള്ള (എൽ.ഐ.ജി) പദ്ധതി

അർഹതാ മാനദണ്ഡം:- കുറഞ്ഞത് മൂന്ന് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ള താഴ്ന്ന വരുമാനക്കാരാണ് ഗുണഭോക്താക്കൾ. ടി വിഭാഗക്കാരുടെ വാർഷിക വരുമാന പരിധി 2,00,000 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

സാമ്പത്തിക ഘടന:- കുറഞ്ഞത് 51 ച.മീ. മുതൽ 60 ച.മീ വരെ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 6,00,000/- രൂപ നിർമ്മാണ ചെലവ് കണക്കാക്കിയിട്ടുണ്ട്.

സർക്കാർ സബ്സിഡി
എൻ.ജി.ഒ./സന്നദ്ധ സംഘടനാ വിഹിതം/ - 2,00,000/- രൂപ
കാരുണ്യവാന്മാരായ വ്യക്തികൾ
ഗുണഭോക്തൃ വിഹിതം - 1,00,000/- രൂപ
- 3,00,000/- രൂപ

പദ്ധതി നടത്തിപ്പ്:-

ഭവന നിർമ്മാണ ബോർഡ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി.ഒ. സൂരജ്
ഗവൺമെന്റ് സെക്രട്ടറി

ചെയർമാൻ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം.
ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം.
ധനകാര്യ (പി.യു.സി) വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്. (15.07.2013 ലെ 9029/എ 1/13/പ്ലാനിംഗ് നമ്പർ പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ വകുപ്പ്.
വെബ് ആൻറ് ന്യൂ മീഡിയാ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.